**മഹാത്മാഗാന്ധി  ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി**


# സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട്

## ചിറയിൻകീഴ്  ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ **3(** മേൽ കടയ്ക്കാവൂർ**)**

ചിറയിൻകീഴ് ബ്ലോക്ക്

**തിരുവനന്തപുരം ജില്ല**




**സോഷ്യൽ ഓഡിറ്റ്** ഗ്രാമസഭ **:-14/11/2019**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ്  നിയമം

സോഷ്യൽ  ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോൺ നമ്പർ: 0471-2724696.Email.keralasocialaudit@gmail.com

**മഹാത്മഗാന്ധി  ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി**

# ചിറയിൻകീഴ്   ബ്ലോക്ക്

## ചിറയിൻകീഴ്  ഗ്രാമപഞ്ചായത്ത്

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

## വാർഡ് നമ്പർ 3 ( മേൽ കടയ്ക്കാവൂർ)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ദാരിദ്ര്യ ലഘൂകരണ ത്തിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്.2005സെപ്റ്റംബർ 5ന് തൊഴിലുറപ്പ് നിയമം പാസ്സാക്കി. 2006സെപ്റ്റംബർ 2നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200 ജില്ലകളിലാണ് പദ്ധതി ആരംഭത്തിൽ നടപ്പിലാക്കിയത്. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008 iകേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലായി അപേക്ഷിക്കാൻ സ്ത്രീപുരുഷഭേദമില്ലാതെ അപേക്ഷിക്കാം. എല്ലാവർക്കും തുല്യ വേതനം നൽകുന്നതും തൊഴിലുറപ്പ് പദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പ് പദ്ധതി ഇടനിലക്കാരെ ഇല്ല സെക്ഷൻ17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, വേൾഡ് പരിശോധന തൊഴിലാളികളും ആയുള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## <u>*10* അവകാശങ്ങൾ</u>

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം

കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

# ഫയൽ പരിശോധന റിപ്പോർട്ട്

## പ്രവർത്തിയുടെ പേര്:- മണ്ണ് ജലസംരക്ഷണം

| ഫയൽ നമ്പർ | പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി | പൂർത്തിയാക്കിയ തീയതി | അനുവദിച്ച തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|
| I/B-7/2018-19 | DP/278070 | 15/2/2019 | 28/3/2019 | 500000 | 292836 |
| I/B-9/2018/19 | DP/272686 | 27/9/2018 | 4/12/2018 | 500000 | 463168 |
| I/B-11/2018-19 | DP/272688 | 15/2/2019 | 28/03/2019 | 500000 | 283176 |
| I/B-9/2018-19 | D/P/272687 | 27/9/2018 | 28/11/2018 | 500000 | 463220 |
| I/B-8/2018-19 | DP/265204 | 27/9/2018 | 28/11/2018 | 500000 | 427532 |

ചിറയിൻകീഴ് പഞ്ചായത്തിലെ വാർഡ് 3(മേൽ കടയ്ക്കാവൂർ) ൽ മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട 6 ഫയലുകളാണ് ഞങ്ങൾ പരിശോധിച്ചത്. 2018-19 സാമ്പത്തിക വർഷത്തിലെ സെപ്റ്റംബർ 1 മുതൽ മാർച്ച് 31 വരെയുള്ള സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.

- കവർപേജ്

✔AMC പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു.

✖ജിയോ ടാഗ് ഓഫ് അസറ്റ്, അസറ്റ് ഐ ഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു.

- ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്

✔ ചെക്ക് ലിസ്റ്റ് ഡോക്യുമെന്റ് ഉണ്ടായിരുന്നു വിവരങ്ങൾ പൂർണമായിരുന്നു.

✖ഫയലുകളിൽ പേജ് നമ്പർ ഇല്ലായിരുന്നു.

ι ആക്ഷൻ പ്ലാൻ കോപ്പി

✔ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു.

ι ഭരണാനുമതി

✔ഭരണാനുമതി ഉണ്ടായിരുന്നു.

ι സാങ്കേതിക അനുമതി

✔സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

ι ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്

✔ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

✖ ജനകീയ ഭാഷയിൽ അല്ലായിരുന്നു.

ι ഡിമാൻഡ് ഫോം

✔ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.

ι വർക്ക് അലോട്ട്മെന്റ് ഫോം

✔വർക്ക് അലോട്ട്മെന്റ് ഫോം ഉണ്ടായിരുന്നു

ι ഡ്രോയിങ് ആൻഡ് ഡിസൈൻ

✔ഡ്രോയിങ് ആൻഡ് ഡിസൈൻ ഉണ്ടായിരുന്നു.

ι മസ്റ്റർ റോൾ

✖ മസ്റ്റർ റോൾ നമ്പർ :25384-86, 26246,12857,12858, 10992, 9589, 10085, 24915, 17187, 17188, 17174 ഫയലുകൾ ടോട്ടൽ വേജ് എഴുതിയിട്ടില്ല.

✖ മസ്റ്റർ റോൾ നമ്പർ :25468 ൽ തൊഴിൽ കാർഡ് നമ്പർ 003/197 സുമാലി എന്ന തൊഴിലാളിയുടെ അറ്റൻഡൻസ് ഇട്ട് ആറാം ദിവസം ഒപ്പ് ഇട്ട ശേഷം വെട്ടിയിരിക്കുന്നു.

✖ മസ്റ്റർ റോൾ നമ്പർ10964 കൺവീനറുടെ പേര്, ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

✖ മസ്റ്റർ റോൾ നമ്പർ12857, 12858, 10992, 9589, 10085,12674, 24915 ഇവയിൽ ടോട്ടൽ ഒന്നുംതന്നെ കണക്കാക്കിയിട്ടില്ല.

✖ മസ്റ്റർ റോൾ നമ്പർ17185, 17186, 17179, 17178 ഇവയിൽ ദിവസവേദനം 219 രൂപയാണ് കൊടുത്തിരിക്കുന്നത്.

✖ മസ്റ്റർ റോൾ നമ്പർ10986, 14848 ഇവയിൽ കോളം മാറിയാണ് ചെയ്തിരിക്കുന്നത്.

✖ മസ്റ്റർ റോൾ നമ്പർ 24911, 27118 എന്നിവയിൽ  അറ്റൻഡൻസ് രേഖപ്പെടുത്തിയ ശേഷം ആബ്സെൻ്റ്  രേഖപ്പെടുത്തിയിരുന്നതായി  കാണാൻ കഴിഞ്ഞു.

✖ മസ്റ്റർ റോൾ നമ്പർ  26400-02 എന്നിവയിൽ കൺവീനറുടെഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

✖ മസ്റ്റർ റോൾ നമ്പർ : 27121ഇൽ കാർഡ് നമ്പർ  003/169  എന്ന തൊഴിലാളിയുടെ ടോട്ടൽ എമൗണ്ട് കോളത്തിൽ  വെട്ടിത്തുരുത്ത് ഉണ്ട്.

✖ മസ്റ്റർ റോൾ നമ്പർ 26401ഇൽ കാർഡ് നമ്പർ 003/36 മോളി എന്ന തൊഴിലാളിയുടെ ആബ്സെൻ്റ് കറുത്ത മഷി പേന  ഉപയോഗിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.

✖ മസ്റ്റർ റോൾ നമ്പർ  28650 ഇൽ കാർഡ് നമ്പർ 003/136 വസന്ത  എന്ന തൊഴിലാളി അഞ്ചാം ദിവസം ഒപ്പ്  ഇട്ട ശേഷം വെട്ടി ആബ്സെൻ്റ് രേഖപ്പെടുത്തിയിരിക്കുന്നു.

ι  മെഷർമെൻ്റ് ബുക്ക്

✔ എല്ലാ ഫയലുകളിലും എം ബുക്ക് ഉണ്ടായിരുന്നു.

✖  DP/278070 എന്ന ഫയലിൽ  എം ബുക്ക്  തുകയും  മസ്റ്റർ റോൾ  തുകയും തുല്യം അല്ലായിരുന്നു.  292836/- ആണ് വരേണ്ടിയിരുന്നത് എന്നാൽ എം ബുക്കിൽ 292834/- എന്നാണ് രേഖപ്പെടുത്തിയിരുന്നത്.

✔ ബാക്കി എല്ല ഫയലുകളിലും എം ബുക്ക് തുകയും മസ്റ്റർ റോൾ തുകയും തുല്യമായിരുന്നു.

ι  മസ്റ്റർ റോൾ മൂവ്മെൻ്റ് സ്ലിപ്പ്

✔ മസ്റ്റർ റോൾ മൂവ്മെൻ്റ് സ്ലിപ്പ് ഉണ്ടായിരുന്നു.

ι  വേജ് ലിസ്റ്റ്

✔ വേജ്  ലിസ്റ്റ് ഉണ്ടായിരുന്നു.

ι  FTO

✔FTO ഉണ്ടായിരുന്നു.

ι  ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി.

✖ DP/272688, DP/272686,DP/278069 എന്നീ ഫയലുകളിൽ ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി ഇല്ലായിരുന്നു.

✔ മറ്റു മൂന്നു ഫയലുകളിലും ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ്  ഉണ്ടായിരുന്നു

.  ι  വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്

✔വർക്ക്  കംപ്ലീഷൻ  സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു

ι  മൂല്യനിർണയ സാക്ഷിപത്രം

✔മൂല്യനിർണയ സാക്ഷിപത്രം ഉണ്ടായിരുന്നു.

ι സൈറ്റ് ഡയറി

✖സൈറ്റ് ഡയറി ഉണ്ടായിരുന്നു എന്നാൽ പദ്ധതി ചിലവ്, പ്രവൃത്തി പൂർത്തീകരിച്ച് തീയതി എന്നിവ ഇല്ലായിരുന്നു.

# ഫീൽഡ് പരിശോധന റിപ്പോർട്ട്

DP/272687 ൽ 60 തൊഴിലാളികൾ 1317 ദിവസങ്ങളിലായി 18 സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിൽ ആയാണ് മണ്ണ് ജല സംരക്ഷണ പദ്ധതി നടപ്പിലാക്കിയത്. M book പ്രകാരമുള്ള 50 മഴക്കുഴികളിൽ 30 എണ്ണം മാത്രമേ ഉപയോഗപ്രദം ആയിരുന്നുള്ളൂ, ബാക്കി 20 എണ്ണം തെങ്ങിൻ തൈകളും വാഴയും നട്ടനിലയിൽ ആയിരുന്നു. M book പ്രകാരമുള്ള 8 കമ്പോസ്റ്റ് കുഴികളിൽ രണ്ടെണ്ണം മണ്ണിട്ട് മൂടിയ നിലയിൽ ആയിരുന്നു.

DP/266204 ൽ 40 തൊഴിലാളികൾ 8 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ആയാണ് പ്രവർത്തിപൂർത്തീകരിച്ചത്. M book പ്രകാരം 39 മഴകുഴികളും 21 വളക്കുഴികളുമാണ് കാണേണ്ടിയിരുന്നത്, എന്നാൽ 20 മഴകുഴികളും 8 വളകുഴികളും മാത്രമാണ് ഫീൽഡിൽ കാണാൻ കഴിഞ്ഞത്.

DP/272686 ൽ 36 തൊഴിലാളികൾ 21 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ആയാണ് പണി പൂർത്തിയാക്കിയത്. M book പ്രകാരമുള്ള 25 മഴകുഴികളിൽ 21 എണ്ണം മണ്ണ് മൂടിയ നിലയിലായിരുന്നു, എന്നാൽ 4 എണ്ണം ഇപ്പോഴും ഉപയോഗപ്രദം ആണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. M book പ്രകാരമുള്ള 8 വളകുഴികളിൽ 6 എണ്ണം നശിച്ച നിലയിലും 4 എണ്ണം ഇപ്പോഴും ഉപയോഗിക്കുന്ന രീതിയിലും കാണാൻ കഴിഞ്ഞു.

DP/272688, DP/278070, DP/278069, ഫയലുകൾ പരിശോധിച്ചതിൽ നിന്നും ചിറയിൻകീഴ്പഞ്ചായത്തിലെ പഴഞ്ചിറ പാടശേഖരം തരിശുരഹിതം ആക്കുന്നത് സംബന്ധിച്ച് 2018 ഇൽ പാടശേഖരത്തിൽ വച്ച് യോഗം ചേരുകയും കർഷകർ കൃഷി ചെയ്യാത്ത നിലങ്ങളിൽ കേരള സർവീസ് സഹകരണ സംഘത്തെ ഏൽപ്പിക്കുകയും കൃഷി ചെയ്യാമെന്ന് തീരുമാനിക്കുകയും ചെയ്തു. പാടശേഖരത്തിൽ എത്തുകയും കൺവീനർമാരുമായി സംസാരിച്ചതിൽ നിന്നും മനസ്സിലായത് പ്രവൃത്തി പൂർത്തീകരിച്ച് തുടർന്ന് രണ്ടാം ഘട്ടം കൃഷി ചെയ്യുന്നതിനായി നിലം ഉഴുതിരിക്കുന്നതായി കാണാൻ കഴിഞ്ഞു. വയൽ വരമ്പ് നല്ല രീതിയിൽ പിടിച്ചിരിക്കുന്നത് കാണാൻ കഴിഞ്ഞു സിഐബി ബോർഡ് കാണാൻ കഴിഞ്ഞില്ല.

# ഡോർ റ്റു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്

12/11/19 ഇൽ കൺവീനറുടെ നിർദ്ദേശപ്രകാരം മേൽ കടയ്ക്കാവൂർ ഗവൺമെന്റ് എൽപിഎസ് സ്കൂളിൽ എത്തുകയും തൊഴിലാളികളെ നേരിൽ കാണുകയും ചെയ്തു. 6 വീടുകളിൽ നടത്തിയ മണ്ണ് ജലസംരക്ഷണപ്രവൃത്തി കാണുന്നതിനും തൊഴിലാളികളുമായി ആശയവിനിമയം നടത്തുന്നത്തിനും സോഷ്യൽ ഓഡിറ്റിനുള്ള പ്രാധാന്യം, തൊഴിലാളികളുടെ 10 അവകാശങ്ങൾ ജോലി സമയങ്ങളിൽ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ

ഉദ്ദേശം എന്നിവയെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

തൊഴിലാളികളുമായി സംസാരിച്ചതിൽ നിന്നും:

- 10 അവകാശത്തെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ സാധിച്ചു.
- ഫീൽഡിൽ പ്രാഥമിക ശുശ്രൂഷ കിറ്റ്, ടാർപോളിൻ തുടങ്ങിയവ കാണാൻ സാധിച്ചില്ല.
- വെള്ളം തൊഴിലാളികൾ വീട്ടിൽ നിന്നുമാണ് കൊണ്ടുവരുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.
- കുറച്ചു തൊഴിലാളികൾ ജോലിയിൽ നിന്നും മാറ്റി നിർത്തി എന്ന് പരാതി പറയുകയുണ്ടായി തൊഴിലാളികളിൽ നിന്നും സംസാരിച്ചതിൽ നിന്നും മസ്ട്രോൾ നോക്കി താല്പര്യമുള്ളവരെ മാത്രമാണ് ജോലിക്ക് നിർത്തിയതെന്ന് ഒരു കൂട്ടം വൃദ്ധരായ തൊഴിലാളികൾ പരാതി പറഞ്ഞു
- .ശമ്പള വർദ്ധനവ്, പ്രവൃത്തിസമയം ചുരുക്കൽ, വർഷത്തിൽ 150 പണി നൽകണം തുടങ്ങിയവയാണ് തൊഴിലാളികളുടെ പ്രധാന ആവശ്യം.
- കഴിഞ്ഞവർഷം 100 പണിപൂർത്തിയാക്കിയ രണ്ട് തൊഴിലാളികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.
- വേനൽ കാലഘട്ടത്തിൽ തോട് പണി തന്നാൽ മാത്രമേ വൃത്തിയായി ചെയ്യാൻ കഴിയുകയുള്ളൂ എന്ന് സജ്ന എന്ന തൊഴിലാളി അഭിപ്രായപ്പെട്ടു.

# ഗ്രാമസഭ റിപ്പോർട്ട്

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യോഗം

ചിറയിൻകീഴ് ബ്ലോക്ക്

ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

വാർഡ് : 3 (മേൽകടയ്ക്കാവൂർ)

സ്ഥലം : മേൽകടയ്ക്കാവൂർ എൽ. പി. എസ്

തിയതി : 14/11/2019

സമയം : 2.PM

## അജണ്ട :

1. ഈശ്വരപ്രാർത്ഥന

2. അധ്യക്ഷയെ തെരെഞ്ഞെടുക്കൽ

3. ഭരണഘടനാ പ്രതിജ്ഞ

4. സ്വാഗതം

5. റിപ്പോർട്ട് അവതരണം

6. ചർച്ച

7. തീരുമാനങ്ങൾ

8.കൃതജ്ഞത

9. ദേശീയഗാനം

**14/19/2019 വ്യാഴാഴ്ച മേൽകടയ്ക്കാവൂർ എൽപി സ്കൂളിൽ വച്ച് ചിറയിൻകീഴ് പഞ്ചായത്തിലെ വാർഡ് 3 (മേൽകടക്കാവൂർ) സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുകയുണ്ടായി.തൊഴിലാളികളിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസം പണി പൂർത്തിയാക്കിയ ശ്രീ "സുധാകരൻ" എന്ന വ്യക്തിയെ അധ്യക്ഷനായി തിരഞ്ഞെടുത്തു.അതിനുശേഷം തൊഴിലാളികളിൽ നിന്ന് ഒരാൾ ഈശ്വരപ്രാർത്ഥന പാടുകയുണ്ടായി.വാർഡ് മെമ്പറായ "സുരേഷ് കുമാർ" എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം പറഞ്ഞു.VRP പ്രവർണ്ണ പ്രതിജ്ഞ പറയുകയും മറ്റ് അംഗങ്ങൾ ഏറ്റു പറയുകയും ചെയ്തു.വിആർപി ശ്രുതി തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ പറഞ്ഞുകൊടുത്തു. വിആർപി നിഷ റിപ്പോർട്ട് അവതരിപ്പിച്ചു തുടർന്ന് ചർച്ചയിലേക്ക് കടന്നു.**

## <u>ചർച്ച</u>

q സുധാകരൻ:- തൊഴിലാളികൾക്ക് കാടുവെട്ടിത്തെളിക്കുന്നതിന് വെട്ടുകത്തി, പിച്ചാത്തി തുടങ്ങിയ ആയുധങ്ങൾ നൽകണമെന്ന് അഭിപ്രായപ്പെട്ടു.

q ഓമന :- 100 ദിവസത്തെ പണി കിട്ടിയില്ല എന്ന പരാതി പറഞ്ഞു അതുപോലെതന്നെ തൊഴിൽ ചെയ്ത് വേതനം ഇതുവരെ കിട്ടിയില്ല എന്ന് അഭിപ്രായപ്പെട്ടു.

q അമ്പിളി :- 6മാസം ആയിട്ടും 26 തൊഴിൽ ദിനം മാത്രമെ ഇതുവരെ ലഭിച്ചിട്ടുള്ളൂ എന്ന് പറഞ്ഞു.

എല്ലാ പഞ്ചായത്തിലും ഇത്ര പണി വീതമാണ് നൽകിയിട്ടുള്ളതെന്നും കഴിഞ്ഞ വർഷം ചെയ്ത പല പുരയിടങ്ങളും കാടുകേറി നിലയിലാണെന്നും മൂന്നുവർഷത്തിലൊരിക്കൽ മാത്രമേ പുരയിടങ്ങളിൽ പണി ചെയ്യാൻ കഴിയുള്ളൂ എന്നും AE പറഞ്ഞു. പുതിയ പണികൾ കണ്ടെത്തുന്നതിനുള്ള കാലതാമസം കൊണ്ടാണ് ഇങ്ങനെ വരുന്നത് എന്ന് AE പറഞ്ഞു.

q തൊഴിലാളി :- വൃദ്ധരായ തൊഴിലാളികളെ റെയിൽവേയുടെ പണിയിൽ നിന്ന് ഒഴിവാക്കുന്നതായി പരാതി പറഞ്ഞു.

വൃദ്ധരായ തൊഴിലാളികൾക്ക് ഇത്ര കഠിനമായ പണികൾ ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് അവരെ ഒഴിവാക്കിയതെന്നും മറ്റ് പണി തുടങ്ങുമ്പോൾ ഇവരെ കൂടി ഉൾപ്പെടുത്തുമെന്ന് AE മറുപടി പറഞ്ഞു.

q  രാധിക   :- കഴിഞ്ഞവർഷം ചെയ്ത പണിക്ക് 219 രൂപയാണ് കൂലി ലഭിച്ചതെന്ന് പറഞ്ഞു.

ചെയ്ത പണി അളന്നപ്പോൾ അതിൽ കുറവ് ഉണ്ടായതുകൊണ്ടാണ് വേദനം കുറച്ചു കൊടുത്തത് എന്ന് അജിത് സാർ മറുപടി പറഞ്ഞു. ഇനിയുള്ള പണികൾ കൃത്യമായി തന്നെ അളന്നു നോക്കും എന്നും ആറുമാസത്തിനുള്ളിൽ അടുത്ത് ഓഡിറ്റ് ഉണ്ടാകുമെന്നും AE പറഞ്ഞു.

q  ലതാകുമാരി :- ആറു മാസം കഴിയുമ്പോഴേക്കും ചെയ്ത പണി സ്ഥലങ്ങൾ വീണ്ടും കാടുകയറുന്നു എന്ന് പറഞ്ഞു.

q  സരസ്വതി :- ശമ്പളം വർദ്ധിപ്പിക്കണം, തൊഴിൽ സമയം കുറയ്ക്കണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു.

എത്തിച്ചേർന്ന എല്ലാവർക്കും അധ്യക്ഷ നന്ദി പറഞ്ഞു.  റിപ്പോർട്ടഅംഗീകരിച്ചു എല്ലാവരും കൈയടിച്ചു പാസാക്കി.  ഇതിനുശേഷം എത്തിച്ചേർന്ന എല്ലാവർക്കും എ ഇ നന്ദി പറഞ്ഞു, ദേശീയ ഗാനത്തോടുകൂടി ഗ്രാമസഭ പിരിച്ചുവിട്ടു.

തയ്യാറാക്കിയവർ,

നിഷ

രഹ്ന

പ്രവർണ്ണ

ശ്രീക്കുട്ടി

ശ്രുതി